പോലീസ് സ്റ്റേഷനിൽ ക്രൈം 47/2000 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായി. കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

(സി) ഉണ്ട്. റിട്ട് പെറ്റിഷൻ ക്രിമിനൽ നമ്പർ 666-70/1992-ലെ വിധിയിൽ ഈ വിഷയത്തിൽ പാലിക്കപ്പെടേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായത്തിന് അർഹമായ പ്രാതിനിധ്യം

(747) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എം. മുരളി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പിന്നോക്ക സമുദായത്തിനും സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനാവശ്യമായ വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പല പിന്നോക്ക സമുദായങ്ങൾക്കും സർക്കാർ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന റിപ്പോർട്ടുകൾ ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ക്രീമി ലെയർ നിശ്ചയിച്ചതു സംബന്ധിച്ച പഠനങ്ങളിൽ തെറ്റ് കടന്നുകൂടിയതായി ഗവണ്മെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ) പിന്നോക്ക സമുദായക്കാർക്ക് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മിഷനെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്രകാരം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംവരണ തസ്തികകളുടെ ടേൺ നിശ്ചയിക്കുന്ന മാനദണ്ഡം

(754) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംവരണ തസ്തികകളുടെ ടേൺ നിശ്ചയിക്കുന്ന കാര്യത്തിൽ പബ്ളിക് സർവീസ് കമ്മിഷൻ പുതിയതായി മാനദണ്ഡം നിശ്ചയിക്കുക ഉണ്ടായോ;

(ബി) മുനിസിപ്പൽ കമ്മിഷണർ ഗ്രേഡ്-3 തസ്തികകയ്ക്ക് കഴിഞ്ഞ ലിസ്റ്റ് പ്രകാരം ടേൺ പാക്ക്ഡ് ഓവർ ആക്കിയിരുന്ന സമുദായം ഞങ്ങൾക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമാനുസൃത ആനുകൂല്യം ലഭിച്ചിട്ടില്ലെന്നത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും സംവരണതത്വം നടപ്പാക്കിയതിൽ അപാകത ഉണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി

(783) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്;

(ബി) ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്രപേർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1965 നവംബർ 1 മുതൽ.

(ബി) ഉണ്ട്. 688 പേർക്ക്.

വികലാംഗർക്ക് ക്ഷേമനിധി ബോർഡിൽ നിയമനം

(793) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :.

(എ) 1.1.97 മുതൽ 14.8.98 വരെ സർവീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്തണമെന്ന ഉത്തരവ് ചില ക്ഷേമനിധി ബോർഡ് ഓഫീസുകളിൽ നടപ്പിലാക്കിയിട്ടില്ലാത്ത വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്ഷേമനിധി ബോർഡുകളിലും ഗവണ്മെന്റ് ഉത്തരവ് നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly